## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *198

05.02.2018 ൽ മറുപടിക്ക്

## ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. അടൂർ പ്രകാശ്**<br>**ശ്രീ. ഐ.സി. ബാലകൃഷ്ണൻ**<br>**ശ്രീ. ഷാഫി പറമ്പിൽ** | | **ശ്രീ. എ.സി. മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | രാജ്യത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിംഗിൽ സംസ്ഥാനത്തിന്റെ നിലവിലെ റാങ്ക് എത്രയാണ്; അത് മെച്ചപ്പെടുത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; | (എ) | രാജ്യത്തെ വ്യവസായ സൗഹൃദാന്തരീക്ഷത്തെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന സൂചികയാണ് "ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്". വ്യവസായ അനുകൂല സാഹചര്യങ്ങൾ നൽകുക വഴി നിക്ഷേപത്തിന് ആക്കം കൂട്ടുന്നതിനും അതുവഴി ലോക റാങ്കിങ്ങിൽ ഇന്ത്യയുടെ സ്ഥാനം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് കേന്ദ്ര സർക്കാർ ഇത് ആവിഷ്കരിക്കുന്നത്. വ്യവസായ സംരംഭങ്ങൾക്കുള്ള സൗകര്യങ്ങളുടെയും സമയബന്ധിതമായി അനുമതി നൽകുന്നതിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പട്ടികപ്പെടുത്തിയിട്ടുണ്ട്.<br>2016 ൽ ഡി ഐ പി പി തയ്യാറാക്കിയ 340 ആക്ഷൻ പോയിന്റുകളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ റാങ്ക് 20 ആയിരുന്നു. 2016 ൽ കേരളം 26.97 ശതമാനം മാർക്കാണ് നേടിയത്. 2017 ൽ ഡി ഐ പി പി നൽകിയ 372 ആക്ഷൻ പോയിന്റുകളുടെ അടിസ്ഥാനത്തിൽ റാങ്കിംഗ് ഇപ്പോൾ നടന്നുവരികയാണ്. 2017 ലെ വിലയിരുത്തലിൽ കേരളം ഇതുവരെ 47 |

| | | | |
|---|---|---|---|
| | | | ശതമാനം മാർക്ക് നേടിയിട്ടുണ്ട്. ഡി ഐ പി പിയുടെ റാങ്കിംഗ് നിർണ്ണയം പൂർത്തിയായാൽ മാത്രമേ 2017 ലെ കേരളത്തിന്റെ റാങ്കം നേടിയ മാർക്കിന്റെ ശതമാനവും കണക്കാക്കപ്പെടുകയുള്ളൂ. വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിച്ച് സംസ്ഥാനത്തെ മറ്റ് മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി വിവിധ വകുപ്പുകളിലെ നിലവിലുള്ള നിലവിലുള്ള നിയമങ്ങൾ / ചട്ടങ്ങൾ / ഉത്തരവുകൾ എന്നിവയിൽ മാറ്റങ്ങൾ വരുത്തുന്നതിനായി പഠനം നടത്തിയിരുന്നു. അതനുസരിച്ച് ലഭിച്ച നിർദ്ദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും അടങ്ങിയ പഠനറിപ്പോർട്ട് ഉന്നതതലങ്ങളിൽ വിവിധ വകുപ്പദ്ധ്യക്ഷൻമാരുടേയും സെക്രട്ടറി തലങ്ങളിലും നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ സമർപ്പിക്കപ്പെട്ട പരിഷ്കാര നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിക്കുകയുണ്ടായി.<br>നടപടിക്രമങ്ങൾ ലളിതവും വേഗത്തിലുമാക്കുന്നതിനായി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസ് - 2017 വിജ്ഞാപനം ചെയ്തു. ഇത് ഈ നിയമസഭാ സമ്മേളന കാലയളവിൽ ബിൽ ആയി അവതരിപ്പിക്കുകയുണ്ടായി. |
| **(ബി)** | വ്യവസായ ക്ലിയറൻസിനുള്ള പരമാവധി സമയപരിധി മുപ്പത് പ്രവൃത്തി ദിവസമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | **(ബി) & (സി)** | ഉണ്ട്. ഏകജാലക സംവിധാനം വഴിയും ക്ലിയറൻസുകൾ 30 ദിവസത്തിനുള്ളിൽ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അനുമതികൾ അതിവേഗം നൽകുന്നതിനുള്ള ഏക ജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിനായി ഓൺലൈൻ സംവിധാനവും അപേക്ഷകളിന്മേൽ ഫലപ്രദമായും സമയബന്ധിതമായും |
| **(സി)** | ഓൺലൈൻ ക്ലിയറൻസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; | | |

| | | | |
|---|---|---|---|
| | | | പരിശോധന നടത്തുന്നതിനായി "ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ (IPFC)" രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗികമാക്കുന്നതിനായി ജില്ലാ കളക്ടർ തലവനായി ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു ജില്ലാ സമിതിയും ഉണ്ടായിരിക്കും. ഇതുവഴി അനുമതികൾ വേഗത്തിലും അവയുടെ പുരോഗതി സംരംഭകർക്കു വേഗം മനസ്സിലാക്കുവാനും കഴിയും.<br>ഓൺലൈൻ സംവിധാനവും പൊതുവായുള്ള ഒരു അപേക്ഷാ ഫോറവും (വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാ ഫോറം) നടപ്പിലാക്കുന്നതിനായി നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിനെ നിയോഗിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനം ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ, ലോക കേരള സഭയിലെ വ്യവസായ പ്രമുഖരെ ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ ; | (ഡി) & (ഇ) | ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പ്രകാരം സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ ലോക കേരളസഭയിൽ അവതരിപ്പിച്ചിരുന്നു. ഇതു മുഖേന സംസ്ഥാനത്ത് വ്യാവസായിക സംരംഭങ്ങൾക്ക് മുതൽമുടക്കാൻ താല്പര്യമുള്ള നിക്ഷേപകരെ ആകർഷിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. |
| (ഇ) | എങ്കിൽ സംസ്ഥാനത്തിന്റെ വ്യവസായവൽക്കരണ നടപടികൾക്ക് ഇതിലൂടെ എത്ര മാത്രം ഉത്തേജനം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നറിയിക്കാമോ ? | | |

സെക്ഷൻ ഓഫീസർ